**പതിനാലാം കേരള നിയമസഭ**

**22 ാംസമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 266** **12.01.2021 -ൽ മറുപടിക്ക്**

**<u>കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ഏറ്റെടുത്ത കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ പരിയാരം മെഡിക്കൽ കോളേജ് കിഫ്ബിയിൽപ്പെടുത്തി നവീകരിക്കുന്നതിനായി 24.01.2020 ന് സർക്കാർ 124.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി ട്രോമാകെയർ ബ്ലോക്കിന്റെ നിർമ്മാണം (ഒന്നാം ഘട്ടം 57.69 കോടി രൂപ, രണ്ടാം ഘട്ടം 37.47 കോടി രൂപ) നിലവിലുള്ള കെട്ടിടങ്ങളുടെ നവീ കരണം (29.78 കോടി രൂപ) എന്നിവ യാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിട്ടുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ വാപ്കോസ് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ട്രോമാകെയർ |

| | | | |
|---|---|---|---|
| | | | ബ്ലോക്ക് ഒന്നാം ഘട്ടത്തിന് 51.29 കോടി രൂപയുടെ സാമ്പത്തിക അനുമതി 03.11.2020 ൽ കിഫ്ബിയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. |
| (ബി) | കണ്ണൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കെട്ടിടങ്ങളുടെ മെയിന്റനൻസ് പ്രവൃത്തികൾക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഭരണാനുമതി നൽകിയിട്ടുള്ള നവീകരണ പ്രവർത്തനങ്ങൾക്ക് കിഫ്ബിയിൽ നിന്ന് സാമ്പത്തിക അനുമതി ലഭിക്കുന്നതി നായി വാപ്കോസ് 29.78 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും എസ്റ്റിമേറ്റും തയ്യാറാക്കി കിഫ്ബിയിൽ സാമ്പത്തിക അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്. |
| (സി) | 'വാപ്കോസ്' മുഖേന വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ച് കിഫ്ബിയുടെ അംഗീകാരം ലഭിച്ച ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ? | (സി) | കിഫ്ബിയുടെ അനുമതി ലഭിച്ച ട്രോമാകെയർ ഒന്നാം ഘട്ടത്തിന് സാങ്കേതിക അനുമതി നൽകി ടെന്റർ നടപടികൾ ആരംഭിക്കുന്നതിനു മുൻപ് ഹരിത ചട്ട പ്രകാരം പുതിയ ബിൽഡിംഗിന് GRIHA 3 star അംഗീകാരം ലഭിക്കുന്നതിനാവശ്യമായ ഭേദഗതികൾ പദ്ധതിയിൽ വരുത്തി കിഫ്ബിയിൽ സമർപ്പിച്ച് ഭേദഗതി പ്രകാരമുള്ള അധിക സാമ്പത്തിക അനുമതി വാങ്ങിയിരിക്ക ണമെന്ന് 03.11.2020 ൽ സാമ്പത്തിക അനുമതി നൽകിയ ഉത്തരവിൽ കിഫ്ബി നിർദ്ദേശിച്ചിരുന്നു. ഇത് പ്രകാരം അധിക സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ശുപാർശ വാപ്കോസ് കിഫ്ബി യിൽ സമർപ്പിച്ചിട്ടുണ്ട്. ഇതിന് കിഫ്ബി യുടെ അംഗീകാരം ലഭിച്ച് 45 ദിവസത്തിനുള്ളിൽ പ്രവൃത്തികൾ ആരംഭിക്കുവാനാണ് ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**